പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3660 20/10/2016-ൽ മറുപടിക്ക്

**ശ്രീമതി നസീമ പുന്നക്കലിന്റെ അപേക്ഷ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി.കെ. അബ്ദു റബ്ബ്: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ശ്രീമതി നസീമ പുന്നക്കലിന്റെ അപേക്ഷ സംബന്ധിച്ച 6633/ജെ3/2015/GEdn എന്ന ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;<br><br>(ബി) നിയമവകുപ്പ് പരിശോധിച്ച്, പ്രസ്തുത ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും 9-2-2010 ലെ ജി.ഒ (എം.എസ്) നം.28/2010/പൊവിവ പ്രകാരം എൻ.സി.റ്റി.ഇ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ നടത്തുന്ന ശിക്ഷാവിശാരദ് കോഴ്സുകളുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്. റദ്ദാക്കിയ അംഗീകാരം പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. നസീമ പുന്നക്കൽ 20-11-2012 ൽ നിവേദനം സമർപ്പിച്ചിരുന്നു. എൻ.സി.റ്റി.ഇ അംഗീകാരമില്ലാത്ത നിരവധിസ്ഥാപനങ്ങൾ കേരളത്തിൽ ഈ കോഴ്സ് നടത്തുന്നതിനെ സംബന്ധിച്ചും, നൽകുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതിയെ ക്കുറിച്ചും ധാരാളം പരാതികൾ ലഭിച്ചതിന്റെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടി കോഴ്സിന്റെ അംഗീകാരം 2006 മാർച്ച് മുതൽ മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം പിൻവലിച്ചിരുന്നു. എൻ.സി.റ്റി.ഇ അംഗീകാരമുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഈ കോഴ്സിന് 31/12/2009 വരെ അംഗീകാരം നൽകിയിരുന്നു. എൻ.സി.റ്റി.ഇ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ ഈ ഉത്തരവ് പ്രകാരം 2006 മാർച്ച് വരെ നൽകിയ കോഴ്സ് സർട്ടിഫിക്കറ്റിന് അംഗീകാരമുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് 9-2-2010 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അപേക്ഷക കരസ്ഥമാക്കിയ എൻ സി റ്റി ഇ അംഗീകാരമില്ലാത്ത സ്ഥാപനത്തിലൂടെ നേടിയ "ശിക്ഷാവിശാരദ്" എന്ന യോഗ്യത പ്രത്യേക കേസായി പരിഗണിക്കണമെന്ന നിവേദനം പൊതുവിദ്യാഭ്യാസ വകുപ്പ് വിശദമായി പരിശോധിക്കുകയും തുടർന്ന് 3 |

| | |
|---|---|
| | തവണ നിയമവകുപ്പിന്റെ അഭിപ്രായത്തിനായി നൽകുകയും ചെയ്തു. ബഹു. സുപ്രീം കോടതിയുടെ Union of India Vs Sri. Goverdhan Kabra Teachers College, അലഹബാദ് ഹൈക്കോടതിയുടെ Shilendra Kumar Singh & others Vs State of Uttarpradesh, Suresh Paul Vs State of Hariyana (1987), State of Rajastan & others Vs Lata Arun (2002) എന്നീ വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ എൻ സി റ്റി ഇ അംഗീകാരമില്ലാത്ത സ്ഥാപനത്തിലൂടെ നേടിയ "ശിക്ഷാവിശാരദ്" എന്ന യോഗ്യതയ്ക്ക് പ്രത്യേക കേസായി അംഗീകാരം നൽകണമെന്ന ടിയാളുടെ ആവശ്യം 3 തവണയും നിയമവകുപ്പ് മേൽ കോടതിവിധികളെ ആസ്പദമാക്കി നിരസിച്ച് അഭിപ്രായം രേഖപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. |
| (സ) അപേക്ഷക, കോഴ്സ് പാസായശേഷം അംഗീകാരം റദ്ദാക്കിയതാണെന്ന പരിഗണന നൽകി ടിയാളുടെ അപേക്ഷ അനുവദിക്കുമോ?. | (സി) നിലവിലുള്ള നിയമമനുസരിച്ച് പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ